**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1810** **20-06-2024 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവ്വകലാശാലയുടെ ടീച്ചർ എഡ്യൂക്കേഷൻ സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവ്വകലാശാലയുടെ ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് കെട്ടിടം പണിയുന്നതിനായി പാട്ടത്തിന് അനുവദിച്ച ചാലക്കുടി താലൂക്കിലെ പേരാമ്പ്ര വില്ലേജിലെ സർവ്വെ നം. 83 ൽപ്പെട്ട 0.4148 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | തൃശ്ശൂർ ജില്ലയിൽ ചാലക്കുടി താലൂക്ക് പേരാമ്പ്ര വില്ലേജ് സർവ്വേ നം. 83-ൽപ്പെട്ടതും ബി.ടി.ആർ. പ്രകാരം തരിശ് പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയതുമായ 0.4148 ഹെക്ടർ ഭൂമി കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് കെട്ടിടം പണിയുന്ന അവശ്യത്തിലേക്കായി 2% നിരക്കിൽ ഓരോ മൂന്നുവർഷം തോറും പാട്ടം പുതുക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ നിബന്ധനകൾക്കു വിധേയമായി 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിച്ച് റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>നിർദ്ദിഷ്ട ഭൂമിയുടെ പാട്ടകരാർ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സർവകലാശാല സ്വീകരിച്ചുവരികയാണ്. |
| (ബി) | പ്രസ്തുത സ്ഥലത്ത് എൻ.സി.ടി.ഇ. നിഷ്കർഷിക്കുന്ന സൗകര്യങ്ങൾ പ്രകാരമുള്ള കെട്ടിടം പണിയുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ? | (ബി) | സർവകലാശാലാ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ